# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5134 23.3.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി പുനഃസ്ഥാപിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തശേഷം യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്ക്, സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ എത്ര വർഷം കൂടുമ്പോളാണ് പ്രത്യേക അവസരം നൽകുന്നതെന്ന് അറിയിക്കാമോ; | (എ) പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാത്തവർക്ക് വർഷാവർഷം അവസരം നൽകി വരുന്നുണ്ട്. |
| (ബി) എന്നാണ് അവസാനമായി ഇത്തരത്തിൽ അവസരം നൽകിയത്; ജില്ല തിരിച്ചാണോ സംസ്ഥാന വ്യാപകമായാണോ ഇത്തരത്തിൽ അവസരം നൽകുന്നതെന്ന് അറിയിക്കാമോ; | (ബി) G.O(RT) 1024/2017/LBR തീയതി.05/08/2017 പ്രകാരം 01/01/1997 മുതൽ 31/07/2017 വരെ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ തനതു സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 02/09/2017 മുതൽ 31/10/2017 വരെ സമയം അനുവദിച്ചുകൊണ്ടുള്ള ഉത്തരവാണ് അവസാനമായി പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാന വ്യാപകമായിട്ടാണ് ഇത്തരത്തിൽ അവസരം നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം ജില്ലയിലുള്ളവർക്ക് സീനിയോറിറ്റിയോടുകൂടി രജിസ്ട്രേഷൻ പുതുക്കാൻ പുതിയ തിയതി നിശ്ചയിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പ്രത്യേക പുതുക്കൽ ആനുകൂല്യം സംസ്ഥാന വ്യാപകമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ആകയാൽ ഏതെങ്കിലും ഒരു ജില്ലക്ക് മാത്രമായി ടി ആനുകൂല്യം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാറില്ല. |

സെക്ഷൻ ഓഫീസർ